# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *281** — **21.06.2013 - ലെ മറുപടിക്ക്**

### ഫാമുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ് | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇപ്രകാരം നവീകരിക്കുന്ന ഫാമുകളിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>സി) ഇതിനായി ഓരോ ഫാമിലും അനുയോജ്യമായ രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) & സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കൃഷി വകുപ്പിന്റെ കീഴിൽ ആകെ 64 ഫാമുകളാണുള്ളത്. ഇവയിൽ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളും 13 സ്പെഷ്യൽ ഫാമുകളും 10 ജില്ലാ കൃഷിത്തോട്ടങ്ങളും 8 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ 13 സ്പെഷ്യൽ ഫാമുകൾ ഒഴികെയുള്ള മറ്റ് 51 ഫാമുകൾ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേയ്ക്ക് മാറുകയും ആ ഫണ്ട് അതാതു ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അറ്റകുറ്റ പണികൾക്കായും ഉപയോഗിക്കുന്നു. ഇവയുടെ അടിയന്തിര പ്രവർത്തനങ്ങൾക്കായിട്ടും അത്യാവശ്യ ഘട്ടങ്ങളിലും കൃഷി വകുപ്പിന്റെ തുകയും വിനിയോഗിക്കുന്നുണ്ട്.

കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 13 സ്പെഷ്യൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2013-14 വർഷം സംസ്ഥാന വിഹിതമായി 256 ലക്ഷം രൂപയുടെയും മൂലധന ചിലവുകൾക്കായി 230 ലക്ഷം രൂപയുടെയും പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ് എന്നിവയുടെ ഫണ്ടും ഉപയോഗിച്ചു ഫാമുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൃഷി ഫാമുകളുടെ സർവ്വതോന്മുഖമായ വികസനത്തിനും നവീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1) ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും അത്യുല്പാദന ശേഷിയുള്ള പുതിയയിനം നടീൽ വസ്തുക്കളുടെ ന്യൂക്ലിയസ് വിത്തു വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി കർഷകർക്ക് വിതരണം നടത്തുക.

2) കാർഷിക മേഖലയിൽ ഉരുത്തിരിഞ്ഞിട്ടുള്ള കാർഷിക യന്ത്രവത്ക്കരണം ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ ഫാമുകളിൽ നടപ്പിലാക്കുകയും അവയുടെ കാര്യക്ഷമത വിലയിരുത്തുകയും ചെയ്യുക.

3) അത്യുല്പാദനശേഷിയുള്ള വിവിധയിനം വിളകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്ത് ഫാമുകളെ മാതൃകാ പ്രദർശനത്തോട്ടങ്ങളാക്കി ഉയർത്തുക.

4) വിളകളുടെ ശാസ്ത്രീയ പരിപാലന മുറകളും ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട സംസ്കരണ രീതികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാതൃകാ കാർഷിക യൂണിറ്റായി ഫാമുകളെ മാറ്റുക.

ഓരോ ഫാമിന്റെയും സമഗ്ര വികസനത്തിനായി ഓരോ വർഷവും കർമ്മ പരിപാടി തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഫാമുകളിൽ ഗ്രീൻഹൗസ്, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്തു സംസ്കരണ സൗകര്യങ്ങൾ, പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് കൃഷി രീതി, ഫെർട്ടിഗേഷൻ യൂണിറ്റ്, ഹൈഡെൻസിറ്റി പ്ലാന്റിംഗ് എന്നിവയ്ക്ക് പ്രാധാന്യം നല്കികൊണ്ട് ഫാമുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ